# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നമ്പർ - 98 | 29.09.2016-ൽ<br>മറുപടിയ്ക്ക് |

## മണ്ഡല-മകരവിളക്ക് ഉത്സവത്തിനു മുന്നോടിയായുള്ള റോഡുകളുടെ അറ്റകുറ്റപ്പണി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ.ഡി.കെ. മുരളി | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മണ്ഡല-മകരവിളക്ക് തീർത്ഥാടകരുടെ യാത്ര സുഗമമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ചെയ്തിട്ടുള്ള കാര്യങ്ങൾ വിശദമാക്കാമോ;<br><br>(ബി) ഉത്സവകാലാരംഭത്തിന് മുൻപായി റോഡുകൾ അറ്റകുറ്റപ്പണി നടത്തി ഗതാഗത യോഗ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) & (ബി) 2016-17-ലെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് 28.07.2016-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 56/2016/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാത, നിരത്തുകളും പാലങ്ങളും വിഭാഗം, KSTP എന്നിവയിൽ ഉൾപ്പെട്ടു വരുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 8943.54 ലക്ഷം രൂപയുള്ള ഭരണാനുമതിയും, പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. ഗുണനിലവാരം മുൻനിർത്തി, മാനദണ്ഡങ്ങൾക്കനുസൃതമായി മണ്ഡലകാലം തുടങ്ങുന്നതിനു മുൻപു തന്നെ ശബരിമല റോഡുകളുടെ പുനഃരുദ്ധാരണം പൂർത്തികരിക്കുന്നതിനായി ഇ-ടെണ്ടർ മുഖേന മേൽ പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പൂർത്തീകരിക്കുകയും, പ്രസ്തുത പ്രവൃത്തികൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു. ബന്ധപ്പെട്ട എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ എല്ലാവിധ ഗുണനിലവാര പരിശോധനകളും നടത്തിയുമാണ് പ്രവൃത്തികൾ പുരോഗമിക്കുന്നത്. |
| (സി) ഇത്തരം അറ്റകുറ്റപ്പണികളിൽ പതിവായി ആരോപിക്കപ്പെടുന്ന അഴിമതി ഇല്ലാതാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയാണ് എന്നറിയിക്കാമോ? | (സി) പ്രവൃത്തികളിൽ അഴിമതി ആരോപണം ഒഴിവാക്കുന്നതിന്റെ ഭാഗമായി ജനപ്രതിനിധികളുടെയും, ജില്ലാ കളക്ടർമാരുടെയും, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെയും സംയുക്ത പരിശോധന നടത്തിയാണ് ടി പ്രവൃത്തികൾ തെരഞ്ഞെടുത്തിട്ടുള്ളത്. |

ഈ സംയുക്ത പരിശോധനാ സംഘത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത പ്രവൃത്തികൾക്കുള്ള തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളത്. ഈ പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിനും, പൊതുമരാമത്ത് മാനുവലിൽ നിർദ്ദേശി ച്ചിരിക്കുന്ന ഗുണമേന്മ ഉറപ്പു വരുത്തുന്നതിനുമായി ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

എസ്റ്റിമേറ്റിലെ കൃത്രിമത്വം, മേൽനോട്ട ത്തിലെ തകരാറുകൾ, ഗുണമേന്മ-യില്ലാത്ത പണികൾ എന്നിവ ഒഴിവാക്കാൻ എടുത്ത പുതിയ നടപടികൾ ക്കെതിരെ ഒരു കൂട്ടം കോൺട്രാക്ടർമാരും, ഉദ്യോഗസ്ഥരും, അഴിമതി രാഷ്ട്രീയക്കാരും ചേർന്ന് കുപ്രചരണം നടത്തിയിരുന്നു. KIIFB-യിൽ ഉൾപ്പെടുത്തി ആലപ്പുഴ — പത്തനംതിട്ട ജില്ലകളിൽ ചെയ്ത ജോലികൾക്കുള്ള തുക, ബഡ്ജറ്റ് വർക്കുകളാണെന്ന് കുപ്രചരണം നടത്തി. അയ്യപ്പന്മാരുടെ ഗതാഗത പാതയായ അമ്പലപ്പുഴ ക്ഷേത്രം - തിരുവല്ല റോഡ് തകർന്ന് തരിപ്പണമായി കിടന്നിട്ടും, അതു കഴിഞ്ഞ സർക്കാർ പണി ചെയ്തില്ല. വാട്ടർ അതോറിറ്റി വെട്ടിപ്പൊളിച്ചു നാശമാക്കിയതാണ് പ്രസ്തുത റോഡ്. അതു മാതൃകാ റോഡാക്കി മാറ്റാനാണ് പുതിയ സർക്കാർ ശ്രമിക്കുന്നത്. അതിനെതിരെ പത്തനംതിട്ട കേന്ദ്രീകരിച്ച് കുപ്രചരണം നടത്താൻ ശ്രമമുണ്ടായി. പക്ഷെ ഉപഭോക്താക്കളായ ജനങ്ങൾ കുപ്രചരണങ്ങളെ തള്ളിക്കളഞ്ഞ് അമ്പലപ്പുഴ — തിരുവല്ല റോഡിന് മുറവിളി കൂട്ടുകയാണ്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ